പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2185 **27-10-2026-ൽ മറുപടിയ്ക്ക്**

വനിതാ പൊലീസുകാരുടെ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കേരള പൊലീസിലെ സായുധ ബറ്റാലിയനുകളിൽ നിലവിൽ എത്ര വനിതാ പൊലീസുകാരാണ് ജോലി ചെയ്യുന്നതെന്നുള്ള ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

മറുപടി: കേരളാ പോലീസിൽ സായുധ ബറ്റാലിയനുകളിൽ നിലവിൽ ജോലി ചെയ്യ വരുന്ന വനിതാ പോലീസുകാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ബറ്റാലിയൻ	വനിതാ പോലീസുകാരുടെ എണ്ണം
1	KAP I	26
2	KAP II	30
3	KAP III	27
4	KAP IV	30
5	KAP V	29
6	MSP	28
7	SAP	36
8	KAWP Bn	616
9	IRBn	3

(ബി) കേരള പൊലീസിലെ സായുധ ബറ്റാലിയനുകളിൽ വനിതാ പൊലീസുകാരെ കൂടി ഉൾപ്പെടുത്തുന്നതിനും വനിതാ പ്രാതിനിധ്യം 33 ശതമാനമായി ഉയർത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വനിതാ പൊലീസുകാർക്ക് സ്വന്തം വീടുകൾക്കടുത്തുള്ള ബറ്റാലിയനുകളിൽ നിയമനം ലഭിക്കുന്നതിനും കുടുംബങ്ങളിൽനിന്ന് അകന്നുനിൽക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മറുപടി: വനിതാ സേനാംഗങ്ങൾ അടിസ്ഥാന പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് അവരവരുടെ അപേക്ഷ/താല്പര്യം അനുസരിച്ച് വീടിനടുത്തുള്ള നിലവിലെ വനിതാ ബറ്റാലിയന്റെ ഡിറ്റാച്ച്മെന്റ് ക്യാമ്പുകളിലേക്ക് മാറ്റം അനുവദിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ